**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1399** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>തൊഴിൽമേഖലകളിലെ മിനിമം വേതനം പുതുക്കിനിശ്ചയിക്കുന്നതിന് നടപടി.</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. ആർ. മഹേഷ്
ശ്രീ. ദീപക് ജോയ്
ശ്രീ. എഫ്. രാജ
ശ്രീ. കെ. ബിനിമോൻ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** വിവിധ തൊഴിൽമേഖലകളിലുള്ള കുറഞ്ഞ കൂലി നിരക്ക് പുതുക്കിനിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ 88 തൊഴിൽ മേഖലകളെ 1948-ലെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയും ആയതിൽ 85 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ അവ പുതുക്കി നിശ്ചയിച്ച് വരുന്നതുമാണ്. എന്നാൽ കേന്ദ്ര സർക്കാർ പാർലമെന്റിൽ പാസ്സാക്കിയ വേജ് കോഡ് നിയമം പ്രാബല്യത്തിൽ വന്നതോടെ പുതിയതായി ഒരു മേഖലയിലും മിനിമം വേതനം നിശ്ചയിക്കുവാനോ, മിനിമം വേതനം നിശ്ചയിച്ച മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുവാനോ സാധിക്കുന്നില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ലേബർ കോഡ് നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് അതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ നിലവിൽ വന്നിട്ടില്ലാത്തതിനാൽ ആയത് വരുന്നതുവരെ 1948-ലെ മിനിമം വേതന നിയമ പ്രകാരം മിനിമം വേതനം നിശ്ചയിച്ച മേഖലകളിലും പുതുക്കി നിശ്ചയിച്ച മേഖലകളിലും നൽകി വരുന്ന വേതന വ്യവസ്ഥകൾ നിലനിൽക്കുന്നു.

**(ബി)** കേന്ദ്രസർക്കാരിന്റെ പുതിയ ലേബർ കോഡ് നടപ്പിലാക്കുന്നതിൽ സ്വീകരിക്കുന്ന മുൻകരുതലുകളെക്കുറിച്ച് വിശദമാക്കാമോ;

**<u>മറുപടി:</u>** രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശുപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് വേജ് കോഡ്, സോഷ്യൽ സെക്യൂരിറ്റി കോഡ്, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, ഒക്യുപ്പേഷണൽ സേഫ്റ്റി & ഹെൽത്ത് കോഡ് എന്നിങ്ങനെ നാല് തൊഴിൽ കോഡുകളായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരട് ചട്ടങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കുന്നതിന് തൊഴിലാളി സംഘടനകൾ, തൊഴിലുടമകൾ, നിയമവിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി ചർച്ച ചെയ്യുന്നതിനായി സംസ്ഥാനതല ശില്പശാല 02/07/2022-ന് തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചിരുന്നു.

കേന്ദ്ര സർക്കാർ പാസ്സാക്കിയ ലേബർ കോഡുകളെക്കുറിച്ചുള്ള പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും തുടർന്നും ചർച്ച ചെയ്യുന്നതിനുവേണ്ടി 19.12.2025-ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് സർക്കാർ, വിവിധ ട്രേഡ് യൂണിയനുകൾ, നിയമവിദഗ്ദ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവ് സംഘടിപ്പിക്കുകയും, പ്രസ്തുത കോൺക്ലേവിൽ ലേബർ കോഡുകളെ കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും വേണ്ടി കമ്മിറ്റി രൂപീകരിക്കുവാനും തീരുമാനിച്ചു. ആയത് പ്രകാരം, 22/01/2026-ലെ സ.ഉ. (സാധാ) നം. 74/2026/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ് (Rtd). ഗോപാല ഗൗഡ ചെയർമാനായും, പ്രൊഫസർ കെ. ആർ. ശ്യാം സുന്ദർ, അഡ്വ. വർക്കിച്ചൻ പേട്ട എന്നിവർ മെമ്പർമാരായും, അഡ്വ. മൈത്രേയി കൃഷ്ണൻ, ശ്രീ. രവിശങ്കർ ഗാന്ധി, അഡ്വ. ഗായത്രി സിംഗ് എന്നിവർ co-opted member മാരായും കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവാകുകയും, ടി കമ്മിറ്റി പ്രാഥമിക റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത ലേബർ കോഡുകളിന്മേലുള്ള കേരള ചട്ടങ്ങൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് 11/06/2026-ൽ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളുടെ ഒരു ചർച്ചാ യോഗം ചേരുകയുണ്ടായി. എല്ലാ ട്രേഡ് യൂണിയൻ പ്രതിനിധികളുമായും വിശദമായ ചർച്ചകൾ പൂർത്തിയാക്കിയതിന് ശേഷം മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ എന്നും, ആയതിനായി 'ലേബർ കോൺക്ലേവ്/ശില്പശാല' സംഘടിപ്പിക്കേണ്ടതാണെന്നും യോഗത്തിൽ തീരുമാനിച്ചു. പ്രസ്തുത ശില്പശാലയിൽ ലേബർ കോഡുകളുമായി ബന്ധപ്പെട്ട് ജസ്റ്റിസ് (റിട്ട.) ഗോപാല ഗൗഡ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് വിശദമായി പരിശോധിക്കാനും, അതിന്മേൽ ട്രേഡ് യൂണിയനുകളുടെ വ്യക്തമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കിയതിന് ശേഷം ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ എന്നും യോഗത്തിൽ തീരുമാനിക്കപ്പെട്ടു.

**(സി)** തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് വേണ്ട പരിഷ്കാരനടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകളാണ് പ്രവർത്തിച്ചു വരുന്നത്. തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമത്തിന് വേണ്ടി ടി ബോർഡുകളിൽ നിന്ന് വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. നിലവിൽ, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ മാത്രമാണ് പെൻഷൻ കുടിശ്ശികയുള്ളത്. കെട്ടിട നിർമ്മാണ തൊഴിലാളി സെസ്സ് പിരിവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ആരംഭിച്ചിട്ടുള്ളതിനാൽ സെസ്സ് പിരിവ് ഊർജ്ജിതപ്പെടുത്തി പെൻഷനും ആനുകൂല്യങ്ങളും കാലികമാക്കാവുന്നതാണ്.

തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകൾ സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ബോർഡുകളുടെ പുനഃസംഘടനയും ശാക്തീകരണവും അംശദായ നിരക്ക് വർദ്ധിപ്പിക്കലും അത്യന്താപേക്ഷിതമായിരുന്നു. ആയതിനാൽ, ബോർഡുകളുടെ പുനഃസംഘടനയും ശാക്തീകരണവും നടപ്പിലാക്കുന്നതിനുള്ള നടപടികൾ എസ്. ശ്രീനിവാസൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ടിരുന്നു. നിയമഭേദഗതി നടത്തുന്നതിനായി 28.07.2021 തീയതിയിൽ ഇ.എൻ(5)/22816/2014 നമ്പരായി ഒരു സബ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുകയും, ചർച്ചകളുടെയും ടി ശുപാർശയുടെയും അടിസ്ഥാനത്തിൽ വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനുമായി ക്ഷേമനിധി ബോർഡുകളുടെ

എണ്ണം നിലവിലുള്ള 16-ൽ നിന്നും 11 ആക്കി കുറച്ചുകൊണ്ട് 29/06/2020-ലെ സ.ഉ(കൈ) നം.35/2020/തൊഴിൽ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവ് പ്രകാരം, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിനെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായും, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിനെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡുമായും, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡുമായും കേരള ബീഡി ആൻഡ് സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായും സംയോജിപ്പിക്കുവാനാണ് ഉത്തരവായിട്ടുള്ളത്. ടി പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചു വരുന്നു.

തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗങ്ങളുടെ വിവര ശേഖരണത്തിനും ദ്വയാംഗത്വം കണ്ടെത്തുന്നതിനുമായി 25/03/2009-ലെ സ.ഉ. (സാധാ) നം.443/2009/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ, 2011-ൽ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം (AIIS) എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചു. AIIS സോഫ്റ്റ്‌വെയറിന്റെ ഒന്നാംഘട്ടമായ രജിസ്ട്രേഷൻ ഇപ്പോൾ പ്രവർത്തനസജ്ജമായിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേനയും വിവിധ ക്ഷേമനിധി ബോർഡുകളുടെ ഓഫീസുകൾ മുഖേനയും തൊഴിലാളികൾക്ക് സ്വന്തമായും രജിസ്ട്രേഷൻ നടത്തുവാൻ കഴിയുംവിധമാണ് AIIS സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുള്ളത്. അംശദായം അടയ്ക്കൽ, ആനുകൂല്യ വിതരണം, പെൻഷൻ വിതരണം എന്നിവ ഉൾപ്പെടുത്തി AIIS സോഫ്റ്റ്‌വെയറിന്റെ രണ്ടാം ഘട്ടം ഡെവലപ്പ് ചെയ്തുവരുന്നു. ക്ഷേമനിധി ബോർഡുകളുടെ ആനുകൂല്യം വിതരണം സംബന്ധിച്ച ആധാർ ഓതന്റിക്കേഷൻ നടപടികൾ നടന്നുവരുന്നു. AIIS സോഫ്റ്റ്‌വെയറിന്റെ രണ്ടാം ഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ കഴിയുന്നതാണ്.

**സെക്ഷൻ ഓഫീസർ**